മിർപാ-കുട്ടാല പദ്ധതിയുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു.

ഭൂജല വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള പദ്ധതികൾ വിജയകരമായി പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു.

ജലനിധിയുടെ കീഴിൽ പാണഞ്ചേരി പദ്ധതിയിൽ മൂന്ന് സോണുകളിലായി 2349 കുടുംബങ്ങൾക്ക് കുടിവെള്ളം നൽകുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ, ലോകബാങ്കിന്റെ സഹായത്തോടെയുള്ള പദ്ധതി നിർമ്മാണം പുരോഗമിച്ചു വരികെ 2008 സെപ്റ്റംബറിലെ നിലച്ചുപോയതിനാൽ സോൺ (3) (Kulthram Zone)-ലുള്ള 284 കുടുംബങ്ങൾക്കുവേണ്ടിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവെയ്ക്കുവാൻ തീരുമാനിച്ചു. ബാക്കിയുള്ള 2065 കുടുംബങ്ങളിൽ 1284 കുടുംബങ്ങൾക്ക് ശുദ്ധജലം നൽകിക്കൊണ്ട് പദ്ധതി ഭാഗീകമായി കമ്മീഷൻ ചെയ്തുകഴിഞ്ഞു. മാടക്കത്തറ പഞ്ചായത്തിൽ 26 കുടിവെള്ള പദ്ധതികളിലായി 1299 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നു.

ചീഫ് എഞ്ചിനീയറുടെ (പ്രോജക്ട്-II) കീഴിൽ പീച്ചി പദ്ധതിയുടെ ഇടതുകര, വലതുകര കനാലുകളിലൂടെ ജലവിതരണം നടത്തി ഒല്ലൂർ നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ കൃഷി ആവശ്യത്തിനും കുടിവെള്ളത്തിനും പുറമെ കേരള വാട്ടർ അതോറിറ്റി വഴിയുള്ള കുടിവെള്ള പദ്ധതികൾക്കും ജലം ലഭ്യമാകുന്നുണ്ട്. കൂടാതെ കെഎസ്ഇബി-യുടെ നിയുക്ത 1.25 മെഗാവാട്ട് ജലവൈദ്യുത പദ്ധതിക്കുവേണ്ടിയുള്ള ജലവും പീച്ചി പദ്ധതിവഴി ലഭ്യമാകുന്നുണ്ട്. ഇതിന്റെ പണികൾ ഇപ്പോൾ നിർമ്മാണ ഘട്ടത്തിലാണ്.

കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ താഴെ പറയും പ്രകാരമാണ് :

1. ഒല്ലൂർ-എടക്കുന്നി കുടിവെള്ള വിതരണ പദ്ധതിയുടെ മൂന്ന് പാക്കേജുകളിൽ ഒരെണ്ണത്തിന്റെ ടെണ്ടർ പരിശോധന മദ്ധ്യമേഖലാ ചീഫ് എഞ്ചിനീയർ ഓഫീസിൽ നടന്നുവരുന്നു. മറ്റു രണ്ട് പാക്കേജുകളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

2. ചൊവ്വൂർ-മരത്താക്കര കുടിവെള്ള വിതരണ പദ്ധതിയുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു.

3. ഒല്ലൂക്കര-മുളയം പുനരുദ്ധാരണ പദ്ധതിയുടെ ഫിൽറ്റർ ബെഡ് പുനരുദ്ധാരണത്തിന് വർക്ക് ഓർഡർ നൽകി പണി പുരോഗമിക്കുന്നു. മോട്ടോർ സപ്ലൈ ചെയ്യുന്നതിനുള്ള വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു. പൈപ്പ് ലൈനിനു വേണ്ടിയുള്ള ടെന്റർ ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തില്ല.

മോട്ടോർ പമ്പുകൾ റിപ്പെയർ ചെയ്യാൻ നടപടി

115 (565) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) മലപ്പുറം ജില്ലയിൽ കടലുണ്ടിപ്പുഴയിൽ മണൽവാരൽ ശക്തമായതുമൂലം ചെളിവന്നടിഞ്ഞ് കുടിവെള്ള പദ്ധതികൾക്ക് ഉപയോഗിക്കുന്ന മോട്ടോറുകൾ നിരന്തരം തകരാറിലാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനും കേടായ മോട്ടോർ പമ്പുകൾ അടിയന്തരമായി റിപ്പയർ ചെയ്യുന്നതിനും ആവശ്യമായവ മാറ്റിസ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

പമ്പ് ഹൗസുകളിൽ ഓപ്പറേറ്റർമാരെ പി.എസ്.സി. വഴി നിയമിക്കുന്നതിന് നടപടി

116 (566) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പമ്പ് ഹൗസുകളിൽ കരാർ അടിസ്ഥാനത്തിൽ ഓപ്പറേറ്റർമാരെ താത്ക്കാലികമായി നിയമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തു മാനദണ്ഡമാണ് ഇതിനുസ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് പമ്പ് ഓപ്പറേറ്റർമാരുടെ എത്ര ഒഴിവുകളാണ് ഇപ്പോഴുള്ളത് ; ഈ ഒഴിവുകൾ നികത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേരള വാട്ടർ അതോറിറ്റിയിൽ കരാർ അടിസ്ഥാനത്തിൽ ഓപ്പറേറ്റർമാരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടില്ല. നിലവിൽ സാംഗ്ഷൺഡ് തസ്തിക ഇല്ലാത്ത പമ്പ് ഹൗസുകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ദിവസക്കൂലി അടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുന്നുണ്ട്. ഇതുകൂടാതെ കോൺട്രാക്ടർമാർ സപ്ലൈ ചെയ്യുന്ന ജോലിക്കാരെ ഉപയോഗിച്ചും പമ്പ് ഹൗസുകൾ പ്രവർത്തിപ്പിക്കാറുണ്ട്.

(സി) 37 ഒഴിവുകൾ ഉണ്ട്. ഇപ്പോൾ നിലവിലുള്ള 22 എൻജെഡി ഒഴിവുകളും 15 ഓപ്പൺ വേക്കൻസി ഒഴിവുകളും പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly